**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3206** **11-03-2025 - ൽ മറുപടിയ്ക്ക്**

**വിവിധയിനങ്ങളിൽ നൽകാനുള്ള കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പുതിയ പാഠ്യപദ്ധതി അനുസരിച്ച് പാഠപുസ്തകങ്ങൾ പരിഷ്കരിച്ച വകയിൽ പാഠപുസ്തക രചനയിൽ പങ്കെടുത്ത എസ്.സി.ഇ.ആർ.ടി-യിലെ റിസർച്ച് ഓഫീസർ, അദ്ധ്യാപകർ, മറ്റു ജീവനക്കാർ എന്നിവർക്ക് ദിവസബത്ത, ട്രാവൽ അലവൻസ് എന്നിവ നൽകാനുണ്ടോ; എങ്കിൽ ഈ ഇനങ്ങളിൽ എത്ര രൂപയാണ് നൽകാനുള്ളതെന്ന് തസ്തിക തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ; | (എ) | **വിവരം ശേഖരിച്ചു വരുന്നു.** |
| (ബി) | 2024-25 അക്കാദമിക വർഷം വരെ പൊതുവിദ്യാഭ്യാസ മേഖലയിലെ എൽ.പി, യു.പി. വിഭാഗം വിദ്യാർത്ഥികൾക്ക് എൽ.എസ്.എസ്, യു.എസ്.എസ്. തുടങ്ങിയ വിവിധ മത്സര പരീക്ഷകൾ വിജയിച്ച വകയിൽ എത്ര രൂപയാണ് സ്കോളർഷിപ്പ് തുകയായി വിതരണം ചെയ്യാൻ കുടിശ്ശികയായിരിക്കുന്നതെന്ന് അക്കാദമിക വർഷവും സ്കോളർഷിപ്പുകളും തിരിച്ച് വ്യക്തമാക്കുമോ; | (ബി) | പൊതുവിദ്യാഭ്യാസ വകുപ്പ് നൽകി വരുന്ന എൽ.എസ്.എസ്/യു.എസ്.എസ് സ്കോളർഷിപ്പ് വിതരണവുമായി ബന്ധപ്പെട്ട നടപടികൾ ക്രമപ്പെടുത്തുന്നതിനായി 2017-18 വർഷം മുതൽ 2023-24 വർഷം വരെയുള്ള കാലയളവിലെ അർഹരായ കുട്ടികളുടെ (ഫ്രഷ്/റിന്യൂവൽ വിഭാഗം) വിവരങ്ങൾ ഒരു ഓൺലൈൻ പോർട്ടൽ വഴി സ്കൂൾ തലത്തിൽ നിന്നും നേരിട്ട് രേഖപ്പെടുത്തി യതിന്റെ അടിസ്ഥാനത്തിൽ ടി സ്കോളർഷിപ്പ് ഇനത്തിൽ ചുവടെ പറയുന്ന തുക കുടിശ്ശികയായി വിതരണം ചെയ്യുവാനുണ്ട്. |

| വർഷം | എൽ.എസ്.എസ്(രൂപ) | യു.എസ്.എസ്(രൂപ) |
|---|---|---|
| 2017 | 27,000 | NIL |
| 2018 | 2,33,000 | 1,18,500 |
| 2019 | 5,69,000 | 3,72,000 |
| 2020 | 20,76,000 | 6,07,500 |
| 2021 | 37,07,000 | 11,35,500 |
| 2022 | 36,96,000 | 77,71,500 |
| 2023 | 40,97,000 | 125,62,500 |

<table>
<tr><td></td><td></td><td></td><td><table><tr><td>2024</td><td>66,67,000</td><td>37,89,000</td></tr></table><br>കൂടാതെ, 2024 വർഷത്തിൽ എൽ.എസ്.എസ് സ്കോളർഷിപ്പിന് അർഹരായ 14747 കുട്ടികളുടെയും യു.എസ്.എസ് സ്കോളർഷിപ്പ് അർഹരായ 4856 കുട്ടികളുടെയും വിവരങ്ങൾ പോർട്ടലിൽ രേഖപ്പെടുത്തി വരുന്നതനുസരിച്ച് 2024 വർഷത്തെ സ്കോളർഷിപ്പ് കുടിശ്ശിക തുകയുടെ വിവരങ്ങൾ പൂർണ്ണമാകുന്നതാണ്.</td></tr>
<tr><td>(സി)</td><td>2016-17 അക്കാദമിക വർഷം മുതൽ 2024-25 അക്കാദമിക വർഷം വരെ, പൊതുവിദ്യാഭ്യാസ മേഖലയിലെ ഹൈസ്കൂൾ, ഹയർസെക്കൻഡറി വിഭാഗം വിദ്യാർത്ഥികൾക്ക് സംസ്ഥാന സ്കൂൾ കലോത്സവം, സംസ്ഥാന സ്കൂൾ കായികമേള എന്നിവയിൽ പങ്കെടുത്ത് എ ഗ്രേഡും ആദ്യ സ്ഥാനങ്ങളും ലഭിച്ച വകയിൽ വിതരണം ചെയ്യാനുള്ള എത്ര രൂപയാണ് കുടിശ്ശികയായിരിക്കുന്നതെന്ന വിവരം കലോത്സവം, കായികമേള എന്നിവ തിരിച്ച് അക്കാദമിക വർഷ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?</td><td>(സി)</td><td>2016-17 മുതൽ 2021-22 വരെ കലോത്സവങ്ങളിൽ 'എ' ഗ്രേഡ് നേടിയ കുട്ടികൾക്ക് നൽകുന്ന ഒറ്റതവണ സ്കോളർഷിപ്പിന് കുടിശ്ശികയില്ല. 2022-23 വർഷത്തിൽ നടന്ന കലോത്സവത്തിൽ 'എ' ഗ്രേഡ് നേടിയ കുട്ടികൾക്ക് 80,14,000/- രൂപ നൽകു വാനുണ്ട്. 2024-25 വർഷത്തെ തുക നൽകുവാനുള്ള നടപടികൾ നടന്നു വരുന്നു. സംസ്ഥാന സ്കൂൾ കായികമേളയിൽ പങ്കെടുത്ത് സ്ഥാനങ്ങൾ കരസ്ഥമാക്കിയ കുട്ടികൾക്കുള്ള സമ്മാനതുക 2016-17 മുതൽ 2024-25 വർഷംവരെ കുടിശ്ശികയില്ലാതെ വിതരണം ചെയ്തിട്ടുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ